**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3581** **02-03-2023 - ൽ മറുപടിയ്ക്ക്**

**അസാപ് കേരളയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അസാപ് കേരളയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ വകുപ്പുകളുടെ ഒരു സംയുക്ത പ്രൊജക്റ്റ് ആയി 2012-ൽ പ്രവർത്തിച്ചു തുടങ്ങിയ അസാപ് 2021-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അസാപ് കേരള എന്ന കമ്പനി ആയി പരിവർത്തനം ചെയ്യപ്പെട്ടു. നൂതനമായ സാങ്കേതിക വിദ്യകളിലും വ്യാവസായിക പ്രസക്തിയുള്ള നൈപുണികളിലും ഊന്നിയുള്ള സമഗ്രമായ ഒരു നൈപുണ്യ വികസന മാതൃക സംസ്ഥാനത്ത് സൃഷ്ടിച്ച് അതിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർഥികൾക്കുമായി അസാപ് കേരള നടപ്പിലാക്കി വരുന്നത്. അസാപ് കേരളയുടെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പരിശീലന പരിപാടിയിലെ വിദ്യാർത്ഥികളെ എങ്ങനെയാണ് സെലക്ട് ചെയ്യുന്നതെന്നറിയിക്കുമോ; | (ബി) | അസാപ് കേരള വഴി നടപ്പിലാക്കുന്ന കോഴ്സുകൾ പ്രധാനമായും പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്നവയാണ്, ഇതോടൊപ്പം തന്നെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ & ട്രെയിനിങ് NCVET അംഗീകാരം ലഭിച്ച കോഴ്സുകളും ലഭ്യമാണ്. ഓരോ കോഴ്സിനും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചാണ് കോഴ്സിലേക്ക് അഡ്മിഷൻ നൽകുന്നത്. സർക്കാർ/സർക്കാർ ഇതര ഏജൻസികളുടെ ധനസഹായത്തോടെ നടത്തുന്ന പരിശീലനങ്ങൾക്ക് പദ്ധതിയിൽ അനുവദിച്ചിട്ടുള്ള വിഭാഗത്തിൽ ഉൾപ്പെടുന്നവരെയാണ് പരിശീലനത്തിനായി സെലക്ട് ചെയ്യുക.<br><br><u>ഇൻഡസ്ട്രി ഓൺ ക്യാംപസ്</u>**:** സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന IOC മാനേജ്മെന്റ് കമ്മിറ്റിയാണ് പഠനമികവും അതുപോലെതന്നെ സ്കില്ലും വിലയിരുത്തി ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പ്രവർത്തനങ്ങൾക്ക് വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത്. |

| | | | |
|---|---|---|---|
| | | | <u>കമ്മ്യൂണിറ്റി കോളേജ്:</u> സാധാരണ ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ അഡ്മിഷൻ നടക്കുന്ന രീതിയിൽ മെറിറ്റ് അടിസ്ഥാനത്തിലാണ് ഈ കോഴ്സുകളിലേക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരഞ്ഞെടുക്കപ്പെട്ട സർക്കാർ പോളിടെക്നിക് കോളേജുകൾ വഴി അഡ്മിഷൻ നടത്തുന്നത്. |
| (സി) | അസാപ് പരിശീലന കേന്ദ്രങ്ങൾ കോഴിക്കോട് ജില്ലയിൽ എവിടെയൊക്കെയാണ് നിലവിലുള്ളത്; അസാപ്പിന് സ്വന്തമായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി സർക്കാർ ഫണ്ട് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിൽ അസാപ് പ്രൊജക്റ്റ് കാലയളവിൽ 11 സ്കൂളുകളും, 1 കോളേജും നൈപുണ്യ വികസന കേന്ദ്രങ്ങളായി മാറ്റിയിരുന്നു.<br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രം നം | സെന്റർ |
|---|---|
| 1 | ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കല്ലാച്ചി |
| 2 | ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കുറ്റ്യാടി |
| 3 | ഗവ: ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ബാലുശ്ശേരി |
| 4 | ഗവ: ഹയർ സെക്കണ്ടറി സ്കൂൾ താമരശ്ശേരി |
| 5 | ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കാരപ്പറമ്പ |
| 6 | ഗവ: ഗണപത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫറോക്ക് |
| 7 | ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കുറ്റിച്ചിറ |
| 8 | ഗവ: ഹയർ സെക്കണ്ടറി സ്കൂൾ മെഡിക്കൽ കോളേജ് ക്യാമ്പസ് |
| 9 | ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ആർ.ഇ.സി ചാത്തമംഗലം |
| 10 | ഗവ: ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ മടപ്പള്ളി |
| 11 | ഗവ: ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കൊയിലാണ്ടി |
| 12 | ഗവ: ആർട്സ് & സയൻസ് കോളേജ് കോഴിക്കോട് , മീഞ്ചന്ത |

ഇതോടൊപ്പം കേരള ഗവ: പോളിടെക്നിക് കോളേജ് കോഴിക്കോടിനെ അഡ്വാൻസ്ഡ് സ്കിൽ ഡെവലെപ്മെന്റ് നോഡൽ സെന്റർ ആക്കിയിട്ടുമുണ്ട്.

| | | | |
|---|---|---|---|
| | | | 2022-23 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഡിസ്ട്രിക്ട് സ്കിൽ പാർക്കുകളിൽ ഒന്ന് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുവാൻ തത്വത്തിൽ ധാരണയായിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(എ)

**നൈപുണ്യ പരിശീലനം:**

വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക വഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അത് വഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനമാണ് അഡിഷണൽ സ്കിൽ അക്ക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള).

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേരള മുഖാന്തരം 130 ലധികം നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള അസാപ് കേരളയുടെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയുമാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ആമസോൺ ക്ലൗഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിങ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ വിവിധ മേഖലയിലെ കോഴ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ്പിന്റെ പ്ലേസ്മെന്റ് പോർട്ടലിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു.

തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തിവരുന്ന പ്രാദേശിക നൈപുണ്യ വികസന പ്രവർത്തനങ്ങൾ മുതൽ ആഗോള വ്യവസായ രംഗത്തെ തൊഴിൽ സാധ്യതകൾക്ക് അനുസൃതമായ നൈപുണ്യ വികസന പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. കാസറഗോഡ് ജില്ലാ പഞ്ചായത്തുമായി ചേർന്ന് നൽകിവരുന്ന 'ദർപ്പണം പരിശീലന പരിപാടി, യു. എസ്സ്. ടാക്സേഷൻ രംഗത്തേക്ക് പ്രവേശിക്കാൻ കഴിയുന്ന എൻറോൾഡ് ഏജൻറ് പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വിവിധ സർക്കാർ വകുപ്പുകളും മറ്റു സർക്കാർ ഏജൻസികളും നൈപുണ്യ വികസനത്തിന് ലഭ്യമാക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് പ്രത്യേക വിഭാഗങ്ങൾക്കുള്ള നൈപുണ്യ വികസന പരിപാടികളും അസാപ് കേരള നടത്തി വരുന്നു. ന്യൂനപക്ഷ ക്ഷേമം, പട്ടിക ജാതി -പട്ടിക വർഗ്ഗ വകുപ്പുകൾ എന്നിവയുമായി സഹകരിച്ചു നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പരിപാടികൾ ഇതിനു ഉദാഹരണങ്ങളാണ്.

നിലവിലുള്ള പ്രവർത്തനങ്ങൾക്ക് ഊർജം പകരാൻ പ്രാദേശിക തലത്തിലും ദേശീയ തലത്തിലും FICCI, CII എന്നിവയുമായി ചേർന്ന് നൈപുണ്യ വികസനം അസാപ് കേരള സാധ്യമാക്കുന്നു. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ള വിവിധ സർക്കാർ, സ്വാശ്രയ ഏജൻസികളുമായി ചേർന്ന് ഈ നൈപുണ്യ മേഖലയിൽ പ്രവർത്തിക്കുന്നതിനുള്ള ചർച്ചകൾ വിവിധ ഘട്ടങ്ങളിലാണ്.

**കരിക്കുലം ഡെവലപ്മെന്റ് :**

വൈജ്ഞാനിക മേഖലയിലെ നൂതന പഠന വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോഴ്സുകൾ അസാപ് കേരള വികസിപ്പിച്ചിട്ടുണ്ട്. വ്യവസായ മേഖലകളിലേയും സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദേശീയ നിലവാരത്തിലുള്ള 50-ഓളം കോഴ്സുകൾ വികസിപ്പിക്കുന്നതിനായി അസാപ് കേരള ലക്ഷ്യമിട്ടിരിക്കുന്നു.

ദേശീയ നിലവാരത്തിൽ , നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക് (NSQF) പ്രകാരം നിലവിൽ 8 കോഴ്സുകൾ അസാപ് കേരള വികസിപ്പിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റെലിജെൻസ് ആൻഡ് മെഷീൻ ലേർണിംഗ്, ബിസിനസ് അനലിറ്റിക്സ് , മറൈൻ സ്ട്രക്ച്ചറൽ ഫിറ്റർ ആൻഡ്

ഫാബ്രിക്കേറ്റർ , കോഡിങ് സ്കിൽസ് , കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രൈനെർ, ചൈൽഡ് കെയർ എയ്ഡ്, ചൈൽഡ് ഹെൽത്ത് അസിസ്റ്റന്റ് , അസിസ്റ്റന്റ് ഓഫ്സെറ്റ് പ്രിന്റിങ് ഓപ്പറേറ്റർ എന്നിവയാണ് ഇതിനോടകം വികസിപ്പിച്ച കോഴ്സുകൾ. ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനും, തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനുമായി നിരവധി പുതിയ തൊഴിൽ നൈപുണ്യ കോഴ്സുകളുടെ നിർനമ്മാണത്തിലാണ് അസാപ് കേരള.

**എൻ. എസ്. ക്യൂ എഫ് (NSQF)**

വ്യവസായ മേഖലകളിലേയും സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വൈജ്ഞാനിക മേഖലയിലെ നൂതന പഠന വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോഴ്സുകൾ ദേശീയ നിലവാരത്തിലേക്ക് അഥവാ നാഷണൽ കൌൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിങ് (NCVET) യിലേക് കൊണ്ടുപോകുക എന്ന പ്രവർത്തനമാണ് എൻ എസ് ക്യൂ എഫ് (NSQF) ഡിവിഷൻ ചെയ്തുപോരുന്നത്. NCVET യുടെ ഇരട്ട അംഗീകാരം നേടിയ ഏജൻസി എന്ന നിലയിൽ അസാപ് കേരള, കേരളത്തിലെ നൈപുണ്യ കോഴ്സുകൾ ദേശീയ നിലവാരത്തിലേക്കുയർത്തുക എന്ന കർത്തവ്യവും നിർവഹിക്കുന്നു.

**സെന്റർ അക്രെഡിറ്റേഷൻ & കോഴ്സ് അഫിലിയേഷൻ**

സംസ്ഥാനത്ത് നൈപുണ്യ പരിശീലനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്റ്റാൻഡേർഡൈസേഷനും നിയന്ത്രണവും ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ, ഡയറക്ടറേറ്റ്, സെക്ടർ സ്കിൽ കൗൺസിൽ എന്നിവയിൽ അക്രെഡിറ്റ് ചെയ്യപ്പെടാത്ത മുഴുവൻ സ്കിൽ ട്രെയിനിങ് സെന്ററുകളുടെയും റെഗുലേറ്ററി ബോഡി ആയി അസാപ് കേരളയെ ഗവ . ഓർഡർ നമ്പർ 1603/2022/HEDN പ്രകാരം ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സെന്റർ അക്രെഡിറ്റേഷനും കോഴ്സ് അഫിലിയേഷനും വഴി നൈപുണ്യ പരിശീലനം മികവുറ്റതാക്കാനും കോഴ്സുകൾ വ്യവസായ അധിഷ്ഠിതമാക്കാനും സർക്കാർ ലക്ഷ്യം വെക്കുന്നു.

**കമ്മ്യൂണിറ്റി കോളേജ്**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ അധിഷ്ഠിത അക്കാദമിക്ക് കോഴ്സായ ഡിപ്ലോമ ഇൻ വൊക്കേഷൻ DVoc എന്ന ത്രിവത്സര ഡിപ്ലോമ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ പോളിടെക്നിക് കോളേജുകൾ വഴി നടപ്പിലാക്കുന്ന പദ്ധതിയയാണ് കമ്മ്യൂണിറ്റി കോളേജ്. സാധാരണ ത്രിവത്സര പോളിടെക്നിക് കോഴ്സുകളിൽ നിന്നും വിഭിന്നമായിക്കൊണ്ട് ഓരോ സെമെസ്റ്ററുകളിലും വ്യവസായ കേന്ദ്രങ്ങളിൽ തൊഴിൽ പരിശീലനം (ഓൺ ദി ജോബ് ട്രെയിനിങ് - OJT), പുറത്തുനിന്നുള്ള വിദഗ്ധരായ പരിശീലകർ, ഉച്ചക്ക് ശേഷമുള്ള സമയക്രമം മുതലായവയാണ് ഈ കോഴ്സിന്റെ പ്രത്യേകത.

നിലവിൽ സർക്കാർ പോളിടെക്നിക് കോളേജുകളായ ഷൊർണ്ണൂർ, നാട്ടകം, ആറ്റിങ്ങൽ എന്നീ കോളേജുകളിലായി പ്രിന്റിങ്, ഓട്ടോമൊബൈൽ, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിൽ DVoc ബാച്ചുകൾ നടന്നുവരുന്നു. സെൽഫ് ഫൈനാൻസിങ് മോഡിലുള്ള ഈ കോഴ്സിന് പ്രതിവർഷം 37,500/- രൂപയാണ് ഫീസ്. വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് ലഭിക്കാൻ മറ്റ സ്ഥാപനങ്ങളിലെ CSR ഫണ്ടുകൾ കണ്ടെത്തുക, പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ ഉള്ള വിദ്യാർത്ഥികൾക്ക് സർക്കാർ ധനസഹായം ഉറപ്പാക്കുക, വിദ്യാർത്ഥികൾക്ക് എത്തിച്ചേരുവാനും മികച്ച പരിശീലനം ലഭിക്കുവാനും ഉതകുന്ന തരത്തിൽ പ്രമുഖ വ്യവസായ കേന്ദ്രങ്ങൾ കണ്ടെത്തുക മുതലായ പ്രവർത്തനങ്ങൾക്കും കമ്മ്യൂണിറ്റി കോളേജ് പദ്ധതിയുടെ ഭാഗമായി അസാപ് നേതൃത്വം നൽകി വരുന്നു.

**കമ്മ്യൂണിറ്റി സ്കിൽ പാർക്ക്**

മാറുന്ന തൊഴിൽ സാഹചര്യത്തിൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് പൊതുസമൂഹത്തിനെ സജ്ജമാക്കാനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലാണ് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. 25000-ൽ അധികം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളോടെയാണ് സ്കിൽ പാർക്കുകൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ വിഭാവനം ചെയ്തിട്ടുള്ള 16 സ്കിൽ പാർക്കുകളിൽ, 14 സ്കിൽ പാർക്കുകളുടെ നിർമാണപ്രവർത്തനങ്ങൾ

പൂർത്തീകരിച്ചിട്ടുണ്ട്. കഴക്കൂട്ടം, വിഴിഞ്ഞം എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന സ്കിൽ പാർക്കുകളുടെ നിർമാണം അവസാനഘട്ടത്തിലാണ്.

വ്യാവസായികാധിഷ്ഠിത നൈപുണ്യ വികസന കോഴ്സുകൾ സമൂഹത്തിന് നൽകിവരുന്നതിനോടൊപ്പം തന്നെ ഈ സ്കിൽ പാർക്കുകൾ വിവിധ നൂതന നൈപുണ്യ മേഖലകളിലെ സെന്റർ ഓഫ് എക്സെലെൻസ് ആക്കി മാറ്റുവാനും അസാപ് ലക്ഷ്യമിടുന്നു. സീമെൻസ്, ആൻസിസ്, ജി.ഇ, ഐ. എസ്സ് . ഐ. ഈ., അഡോബി പോലുള്ള ബഹുരാഷ്ട്ര കമ്പനികളുമായി സഹകരിച്ചായിരിക്കും ഈ സെന്റർ ഓഫ് എക്സെലൻസുകൾ സ്ഥാപിക്കുക.

ഇലക്ട്രിക് വാഹനങ്ങളുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ സമൂഹത്തിനു നൽകുന്നതിനായി പട്ടിക ജാതി വികസന വകുപ്പിന്റെയും വ്യവസായ പങ്കാളികളുടെയും ധനസഹായത്തോടു കൂടി കുന്നന്താനം, തവനൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പിടുകയും അതിനായുള്ള പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു.

**ഇൻഡസ്ട്രി ഓൺ ക്യാംപസ്**

ഇൻഡസ്ട്രി ഓൺ ക്യാംപസ് പരിപാടിയുടെ ഭാഗമായി കേരളത്തിലെ പോളിടെക്നിക്ക് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വ്യാവസായിക ഉൽപ്പാദനം സാധ്യമാക്കാവുന്നതരത്തിൽ ലാബുകളുടെയും വർക്ക് ഷോപ്പുകളുടെയും സൗകര്യങ്ങൾ വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തികൊണ്ട് അസാപ് കേരള 6.5 കോടി രൂപയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുകയും അധ്യാപകർക്കും വർക്ക് ഷോപ്പ് /ലാബ് ജീവനക്കാർക്കും പ്രസ്തുത ഉപകരണങ്ങളിൽ വിദഗ്ധ പരിശീലനം ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യവസായ ശാലകളുടെ ചെറു മാതൃകകൾ പോളിടെക്നിക്ക് ക്യാംപസുകളിൽ പ്രവർത്തിക്കുക വഴി വിദ്യാർഥികൾക്ക് തൊഴിൽ നൈപുണ്യം, നൂതന ഉൽപ്പാദനപ്രക്രിയയെ പറ്റി അവബോധം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കിവരുന്നു.

**പ്ലേസ്മെന്റ് ആൻഡ് ഇന്റേൺഷിപ്**

അസാപിന്റെ Recruitment 2.0 എന്ന നൂതന രീതിയിലുള്ള തൊഴിലവസരങ്ങൾ നൽകുന്ന മാതൃക "Hire, Train and Deploy" രീതിയിൽ വിദേശത്തും സ്വദേശത്തുമുള്ള തൊഴിലവസരങ്ങൾ സ്വദേശത്തിരുന്നു ചെയ്യാനുള്ള അവസരം നൽകിവരുന്നു . ഇതിന്റെ ഭാഗമായി US Taxation and Accounting-ൽ മേഖലയിൽ ആവശ്യമായ Professional Qualification ആയ Enrolled Agent എന്ന നൈപുണ്യ കോഴ്സ് നൽകി വരുന്നു. ഇതിനായി വിവിധ അന്താരാഷ്ട്ര കമ്പനികളുടെ തൊഴിലവസരങ്ങൾ അസാപ് മുഖേന നികത്താൻ അസാപ്പും കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ മാതൃകയിൽ ഉള്ള വിവിധ പദ്ധതികൾ അസാപ് ആവിഷ്കരിച്ച് വരുന്നു.

**കോർപ്പറേറ്റ് സോഷ്യൽ റെസ്‌പോൺസിബിലിറ്റി & ഫണ്ടിംഗ്**

ADB-ധനസഹായത്തോടെ നടപ്പിലാക്കിയ വിവിധ നൈപുണ്യ വികസന പദ്ധതികളുടെ അനുഭവ സമ്പത്ത് പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ മേഖലയിലും നൈപുണ്യ പരിശീലന മേഖലകളിലും, മറ്റ് കോർപറേറ്റ് കമ്പനികളുടെ സി എസ് ആർ ഫണ്ട് ഉപയോഗപ്പെടുത്തി, വിവിധ പദ്ധതികൾ അസാപ് ആവിഷ്കരിച്ചുപോരുന്നു. സമൂഹത്തിനും സംസ്ഥാനത്തിനും സമഗ്രമായ രീതിയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) കൈവരിക്കുന്നതിന് കോർപ്പറേറ്റ് സോഷ്യൽ റെസ്‌പോൺസിബിലിറ്റി (CSR) ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു പരിശ്രമമാണ് ഇതിനായി അസാപ് കേരളയുടെ ഫണ്ടിംഗ് ആൻഡ് CSR ഡിവിഷൻ നടപ്പിലാക്കിവരുന്നത്.

**മറ്റു പ്രവർത്തനങ്ങൾ:**

അസാപ് കേരള, നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് കണക്ട് കരിയർ ടു ക്യാമ്പസ് (CCC), വർക്ക് റെഡിനെസ്സ് പ്രോഗ്രാം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. വിദ്യാർത്ഥികളിൽ പുതിയ തൊഴിൽ മേഖലകളെക്കുറിച്ചും, അതത് മേഖലകളിൽ വരുന്ന മാറ്റങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും, തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും

തൊഴിൽ പരിശീലന ഏജൻസികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തെ (DWMS) കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനാണ് CCC ക്യാംപെയ്ൻ ലക്ഷ്യമിടുന്നത് . പഠനം കഴിഞ്ഞ്, DWMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷിക്കുന്ന ഉദ്യോഗാർത്ഥികളെ തൊഴിൽ സജ്ജരാക്കുന്നതിന് വേണ്ടിയുള്ള സൗജന്യ പരിശീലനമാണ് വർക്ക് റെഡിനസ്സ് പ്രോഗ്രാം.

കൂടാതെ അസാപ് കേരള വിവിധ ഗവണ്മെന്റ് ഡിപ്പാർട്മെന്റ്കളുടെ സഹായത്തോടെ സാമ്പത്തികപരമായി പിന്നോക്കം നിൽക്കുന്നതും കരിയർ ബ്രേക്ക് വന്നതുമായ ഉദ്യോഗാർത്ഥികൾക്ക് അതാത് ഡിപ്പാർട്മെന്റുകളുടെ സഹായത്തോടെ ഉദ്യോഗാർത്ഥികളെ കണ്ടെത്തി വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകി വരുന്നു.